13
ഒക്ടോബർ 2021
ബുധൻ
1197 കന്നി 28 1443 റബീഉൽ അവ്വൽ 6

# കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976
RNI Reg:No:70844/99 | KARAVAL DAILY PUBLISHED FROM KASARAGOD | കാസർകോട്•പുസ്തകം 28 •ലക്കം 210 •പേജ് 4 •വില: 5 രൂപ

30 years of Excellence
advent
MARBLES & SANITARY WARE
E-mail: adventmarbles@gmail.com www.adventmarbles.in
N.H. ROAD, THALIPADUPPU, KASARAGOD. Ph: 04994-221633



## സൂരജിനു ഇരട്ട ജീവപര്യന്തം

കൊല്ലം: ഉത്രയെ മൂർഖൻ പാമ്പിനെകൊണ്ട് കടിപ്പിച്ച് കൊലപ്പെടുത്തിയ കേസിൽ ഭർത്താവ് സൂരജി (27)നു ഇരട്ട ജീവപര്യന്തം തടവും അഞ്ച് ലക്ഷം രൂപ പിഴയും. കൊല്ലം ആറാം അഡീഷണൽ സെഷൻസ് കോടതി ജഡ്ജി എം മനോജാണ് ശിക്ഷ വിധിച്ചത്. കൊലപാതകം (302), കൊലപാതക ശ്രമം(307), വിഷം നൽകി പരിക്കേൽപ്പിക്കൽ(328), തെളിവുകൾ നശിപ്പിക്കൽ(201) എന്നീ കുറ്റങ്ങൾ തെളിഞ്ഞതായി കോടതി നേരത്തെ കണ്ടെത്തിയിരുന്നു.2020 മെയ് ഏഴിനു രാവിലെയാണ് ഏറം, വെള്ളാശ്ശേരിയിൽ വി വി ജയസേനന്റെയും മണിമേഖലയുടെയും മകളായ ഉത്ര(27)യെ പാമ്പു കടിയേറ്റു മരിച്ച നിലയിൽ കണ്ടെത്തിയത്. കുഞ്ഞിനോടൊപ്പം സ്വന്തം വീടിന്റെ മുകൾ നിലയിലെ കിടപ്പു മുറിയിൽ ഉറങ്ങി കിടക്കുകയായിരുന്നു ഉത്ര. വീടിനുള്ളിൽ കയറിയ മൂർഖൻ കടിച്ചു എന്നാണ് ഭർത്താവായ സൂരജ് പ്രചരിപ്പിച്ചിരുന്നത്.

എന്നാൽ പിന്നീട് ചിത്രം ആകെ മാറി. ഉത്രയുടെ മരണാനന്തര ചടങ്ങുകൾ കഴിഞ്ഞതോടെ പാമ്പു കടിച്ചുവെന്ന സൂരജിന്റെ കഥയിൽ സംശയം ഉയർന്നു. സൂരജിന്റെ അഭിനയം അതിരു കടന്നതോടെ സംശയം കടുത്തു.

പാമ്പുകളോടുള്ള സൂരജിന്റെ ഇഷ്ടത്തെ കുറിച്ചുള്ള ചില സൂചനകൾ കൂടി കിട്ടിയതോടെ കുടുംബം പൊലീസിൽ പരാതി നൽകി. ശേഷം കേരളം കേട്ടത് ഞെട്ടിക്കുന്ന ക്രൂരകൃത്യ



ഉത്ര

ങ്ങളെ കുറിച്ചുള്ള വിവരങ്ങളായിരുന്നു. ലോക്കൽ പൊലീസ് അന്വേഷിച്ച കേസ് പിന്നീട് ബന്ധുക്കളുടെ പരാതി പ്രകാരം കൊട്ടാരക്കര റൂറൽ എസ് പി ഹരിശങ്കർ ഏറ്റെടുത്തു. ഡിവൈ എസ് പി എ അശോകന്റെ നേതൃത്വത്തിൽ അന്വേഷണ സംഘം രൂപീകരിച്ചു. ഉത്രയുടെ കുടുംബത്തിന്റെ സംശയം ശരിവച്ചുകൊണ്ട് ക്രൈംബ്രാഞ്ച് സത്യം കണ്ടെത്തി. പാമ്പു പിടുത്തക്കാരനിൽ നിന്നു പണം കൊടുത്തു വാങ്ങിയ മൂർഖൻ പാമ്പിനെ കൊണ്ട് സൂരജ്, ഉത്രയെ കടിപ്പിച്ചു കൊന്നുവെന്നായിരുന്നു കണ്ടെത്തൽ. തുടർന്ന് സൂരജിനെ അറസ്റ്റു ചെയ്തു. പാമ്പിനെ നൽകിയ പാമ്പു പിടുത്തക്കാരനായ കല്ലുവാതുക്കൽ സുരേഷും അറസ്റ്റിലായി. ഇയാളെ പിന്നീട് മാപ്പുസാക്ഷിയാക്കി.

പിന്നീട് ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ കുറ്റപത്രം നൽകി. ഏറെ നാൾ നീണ്ട വിചാരണയ്ക്കു ശേഷമാണ് പ്രതി സൂരജ് കുറ്റക്കാരനാണെന്നു മിനിഞ്ഞാന്ന് കോടതി കണ്ടെത്തിയത്.

## കൂഡ്‌ലു ബാങ്ക് കൊള്ള
## സ്വർണ്ണാഭരണങ്ങൾ ഉടമകൾക്ക് നൽകാൻ ഉത്തരവ്

കാസർകോട്: കൂഡ്‌ലു സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നു കവർച്ച ചെയ്യപ്പെട്ട സ്വർണ്ണാഭരണം അതു ബാങ്കിൽ പണയം വച്ചവർക്കു രണ്ടാഴ്ചക്കുള്ളിൽ തിരിച്ചുനൽകും.

ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരമാണ് ഉടമകൾക്ക് സ്വർണ്ണാഭരണങ്ങൾ തിരിച്ചു നൽകുകയെന്നു ബാങ്കധികൃതർ അറിയിച്ചു.

2015 സെപ്തംബർ ഏഴിനു പട്ടാപ്പകലാണ് അക്രമികൾ ബാങ്കിൽക്കയറി ജീവനക്കാരെ കെട്ടിയിട്ടശേഷം ബാങ്ക് കൊള്ളയടിച്ചത്. ബാങ്കിൽ ഇടപാടുകാർ പണയം വച്ചിരുന്ന 17 കിലോ സ്വർണ്ണാഭരണങ്ങളാണ് കൊള്ളയടിച്ചത്. ഇതിൽ 15 കിലോ സ്വർണ്ണാഭരണം അന്വേഷണ സംഘം കണ്ടെത്തി കോടതിയിൽ സമർപ്പിച്ചിരുന്നു.

ഈ സ്വർണ്ണാഭരണങ്ങൾ ഉടമസ്ഥർക്കു തിരിച്ചു നൽകാൻ വിട്ടുനൽകണമെന്ന് ബാങ്ക് കോടതിയിൽ അഭ്യർത്ഥിച്ചിരുന്നെങ്കിലും വ്യത്യസ്തകാരണങ്ങളാൽ അതു തടയപ്പെടുകയായിരുന്നു. ഒടുവിൽ 2019ൽ ഹൈക്കോടതി അതിനു വ്യവസ്ഥകളോടെ അനുമതി നൽകിയിരുന്നെങ്കിലും തുടർന്നനുഭവപ്പെട്ട കോവിഡ് മഹാമാരിയെത്തുടർന്നു അതു തടസ്സപ്പെടുകയായിരുന്നു. കോവിഡിനു ശമനം അനുഭവപ്പെട്ടതിനെത്തുടർന്നു ബാങ്ക് വീണ്ടും ഹൈക്കോടതിയെ സമീപിക്കുകയും കോടതി ഉപാധികളോടെ സ്വർണ്ണാഭരണങ്ങൾ കൈമാറാൻ കീഴ്കോടതിയോടു നിർദ്ദേശിക്കുകയുമായിരുന്നു. രണ്ടാഴ്ചക്കുള്ളിൽ സ്വർണ്ണാഭരണങ്ങൾ ബാങ്കിനു കൈമാറിയേക്കും. അതുലഭിച്ചാലുടൻ ഉടമകൾക്ക് ആഭരണങ്ങൾ തിരിച്ചു നൽകുമെന്ന് ബാങ്ക് അധികൃതർ അറിയിച്ചു.

അതേസമയം സ്വർണ്ണാഭരണങ്ങൾ ബാങ്കിനു വിട്ടു കൊടുക്കുന്നതിന് നേരത്തെ ഉന്നയിക്കപ്പെട്ട നിബന്ധനകൾ കോടതി ഒഴിവാക്കിയിട്ടുണ്ട്.



### നവരാത്രി ആശംസ

മാന്യ വായനക്കാർക്കും അഭ്യുദയകാംക്ഷികൾക്കും കാരവൽ നന്മ നിറഞ്ഞ നവരാത്രി ആശംസ നേരുന്നു. മഹാനവമി പ്രമാണിച്ചു അവധിയായതിനാൽ നാളെ കാരവൽ പ്രസിദ്ധീകരിക്കുന്നതല്ല.
-എഡിറ്റർ.

### നിയമസഭ കൈയ്യാങ്കളി: പ്രതികളുടെ ഹരജി തള്ളി

തിരു: നിയമസഭാ കൈയ്യാങ്കളി കേസിൽ പ്രതികളുടെ വിടുതൽ ഹർജി തിരുവനന്തപുരം സി ജെ എം കോടതി തള്ളി. പ്രതികൾ നവംബർ 22ന് കോടതിയിൽ ഹാജരാകണമെന്നും കോടതി ഉത്തരവിട്ടു. അന്ന് കുറ്റപത്രം വായിച്ചുകേൾപ്പിക്കുമെന്നാണ് സൂചന. കേസിൽ വിചാരണ നടപടികൾ ഉടൻ ആരംഭിക്കും. പൊതുവിദ്യാഭ്യാസവകുപ്പുമന്ത്രി വി ശിവൻകുട്ടി, ഇ പി ജയരാജൻ, കെ ടി ജലീൽ, കെ സജിത്ത്, സി കെ സദാശിവൻ, കുഞ്ഞഹമ്മദ് മാസ്റ്റർ എന്നിവരാണ് കേസിലെ പ്രതികൾ.

### അതിർക്കുഴിയിൽ സി പി എം പ്രവർത്തകനെ മർദ്ദിച്ചു

കാസർകോട്: അതിർക്കുഴി, കൊളക്കോൽ, പാടി യിലെ സി പി എം പ്രവർത്തകൻ അഭിലാഷി(28)നെ അടിയേറ്റ നിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാത്രി എട്ടുമണിയോടെ അതിർക്കുഴിയിൽ വച്ച് ഇയാൾ സഞ്ചരിച്ചിരുന്ന ബൈക്ക് തടഞ്ഞു നിർത്തി ബി ജെ പി പ്രവർത്തകരായ മനോജും, കണ്ടാൽ അറിയാവുന്ന മറ്റു മൂന്നുപേരും ചേർന്ന് ആക്രമിച്ചുവെന്നാണ് പരാതി. വിദ്യാനഗർ പൊലീസ് കേസെടുത്തു.

## ഇടുക്കി അണക്കെട്ടിൽ ജലനിരപ്പ് ഉയരുന്നു
## വടക്കൻ കേരളത്തിൽ മഴ തുടരും; കാസർകോട് ഉൾപ്പെടെ 9 ജില്ലകളിൽ ഓറഞ്ച് അലർട്ട്

തിരു: കനത്ത മഴയെ തുടർന്ന് ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് 2390 അടിയിലേയ്ക്ക് നിലവിലെ ചട്ട പ്രകാരം അണക്കെട്ടിൽ നിലനിർത്താവുന്ന പരമാവധി ജലനിരപ്പ 2398.86 അടിയാണ്. എട്ടടി കൂടി ജല നിരപ്പ് ഉയർന്നാൽ അണക്കെട്ട് തുറന്നു വിടേണ്ടി വരും. ഇത്തരമൊരു സാഹചര്യത്തിൽ അതീവ ജാഗ്രതയ്ക്കു ശുപാർഷ ചെയ്യാനാണ് ഡാം സുരക്ഷ അധികൃതരുടെ തീരുമാനം. ഇടുക്കി ഡാം ഉൾപ്പെടുന്ന മേഖലയിൽ രണ്ടു ദിവസമായി കനത്ത മഴ തുടരുകയാണ്. ഇന്നലെ മാത്രം 51.8 മില്ലി മീറ്റർ മഴയാണ്ലഭിച്ചത്. 27.84 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമാണ് ഒഴുകിയെത്തിയത്. എന്നാൽ 10.27 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഉൽപ്പാദിപ്പിച്ചത്.

ഇപ്പോഴത്തെ നീരൊഴുക്ക് തുടർന്നാൽ ഇന്നത്തോടെ ജലനിരപ്പ് 2390.8 അടി കടക്കും. ജലനിരപ്പ് ഉയരുന്നത് അനുസരിച്ച് നീല, ഓറഞ്ച്, ചുവപ്പ് ജാഗ്രതാ മുന്നറിയിപ്പുകൾ നൽകണം. ചുവപ്പ് ജാഗ്രതയും കഴിഞ്ഞാൽ 2398.86 അടി വെള്ളം പത്തു ദിവസം പിടിച്ചു നിർത്താം.

അതേസമയം വടക്കൻ കേരളത്തിൽ ശക്തമായ മഴ തുടരുമെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ്. അറബിക്കടലിൽ രൂപപ്പെട്ട ചക്രവാതച്ചുഴിയാണ് കാരണം. ഇതിന്റെ പശ്ചാത്തലത്തിൽ കാസർകോട്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു.



കോയിപ്പാടി കടപ്പുറത്തു തെങ്ങു കടപുഴകിവീണ് വൈദ്യുതിപോസ്റ്റുകളും ട്രാൻസ്ഫോർമറും തകരാറായ നിലയിൽ

### കോയിപ്പാടികടപ്പുറത്തു കാറ്റിൽ തെങ്ങു കടപുഴകി വീണു വൈദ്യുതി പോസ്റ്റുകൾ തകർന്നു

കുമ്പള: കോയിപ്പാടി കടപ്പുറത്ത് ഇന്നു പുലർച്ചെയുണ്ടായ ശക്തമായ കാറ്റിൽ തെങ്ങു കടപുഴകിവീണ് അഞ്ചുവൈദ്യുതി പോസ്റ്റുകൾ തകർന്നു. ട്രാൻസ്ഫോർമറിനു കേടുപാടുണ്ടായിട്ടുണ്ടോ എന്നു പരിശോധിച്ചുകൊണ്ടിരിക്കുന്നു. അപകടത്തെത്തുടർന്നു കോയിപ്പാടിയിൽ നിന്നു പെർവാഡ് കടപ്പുറത്തേക്കും മൊഗ്രാൽ നാങ്കിയിലേക്കുമുള്ള ഗതാഗതം തടസ്സപ്പെട്ടു. തകർന്നു വീണ തെങ്ങുമുറിച്ചുമാറ്റാനും വൈദ്യുതി പോസ്റ്റുകൾ പുനഃസ്ഥാപിക്കാനും നടപടി ആരംഭിച്ചിട്ടുണ്ട്. രാവിലെ മത്സ്യബന്ധനത്തിനു കടപ്പുറത്തേക്കു തൊഴിലാളികൾ പൊയ്ക്കൊണ്ടിരിക്കുന്നതിനിടയിലായിരുന്നു അപകടം. ഭാഗ്യം കൊണ്ട് മറ്റു അപകടങ്ങൾ ഒഴിവായി.

## കായിക താരം വെള്ളക്കെട്ടിൽ വീണു മരിച്ചു



കാഞ്ഞങ്ങാട്: കടയിലേയ്ക്ക് നടന്നു പോവുകയായിരുന്ന വോളിബോൾ താരം അപസ്മാരമിളകി വെള്ളക്കെട്ടിൽ വീണു മരിച്ചു. അമ്പലത്തറ, പാറപ്പള്ളി ആരോഗ്യ ഹെൽത്ത് സെന്ററിനു സമീപത്തെ മൊയ്തു- ആയിഷ ദമ്പതികളുടെ മകൻ റസാഖ് (34) ആണ് മരിച്ചത്. ഇന്നലെ രാത്രി ഒൻപതുമണിയോടെയാണ് സംഭവം. കടയിലേക്ക് സാധനം വാങ്ങാൻ പോകുമ്പോൾ വഴിയിൽ വെച്ച് അപസ്മാരം ഇളകുകയായിരുന്നുവെന്നു പറയുന്നു. പാറക്കെട്ടിലെ വെള്ളത്തിലേയ്ക്ക് മുഖം ഇടിച്ചു വീഴുകയായിരുന്നു. ശബ്ദം കേട്ട് പരിസരവാസികൾ ഓടിയെത്തി മാവുങ്കാലിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. തുടർന്ന് മൃതദേഹം ജില്ലാ ആശുപത്രി മോർച്ചറിയിലേയ്ക്ക് മാറ്റി. വീഴ്ച്ചക്കിടയിൽ മൂക്കിൽ വെള്ളം കയറിയതാണ് മരണത്തിനു ഇടയാക്കിയതെന്നാണ് പ്രാഥമിക സംശയം. പൊതു പ്രവർത്തകനും അറിയപ്പെടുന്ന ക്രിക്കറ്റ്, വോളിബോൾ പ്ലെയറുമായ റസാഖിന്റെ മരണം നാടിനെ കണ്ണീരിലാഴ്ത്തി. ഭാര്യ: ഹസീന. മക്കൾ: മുഹമ്മദ് റസിൽ, മുഹമ്മദ് റിസ് വാൻ, ആയിഷത്ത് സഫ. സഹോദരങ്ങൾ: അബ്ദുൽ മുത്തലിബ്, ബഷീർ.

## ദുരിതപ്പെയ്ത്ത്; പലേടത്തും നാശം: അധികൃതർ ജാഗ്രതയിൽ

കാസർകോട്: ശമനമില്ലാതെ തുടരുന്ന കനത്ത മഴയിൽ ജില്ലയിൽ പലയിടത്തും കുന്നിടിഞ്ഞും മരം വീണും ഗതാഗതം തടസ്സപ്പെട്ടു. ഏത്തടുക്കതമ്പിൽ കുന്നിടിഞ്ഞ് വീണ് ഏത്തടുക്ക-കിന്നിംഗാർ പാതയിൽ ഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ടു. മണിക്കൂറുകളോളം നാട്ടുകാർ നടത്തിയ ശ്രമത്തിനൊടുവിലാണ് ഇവിടെ മണ്ണ് നീക്കി ഗതാഗതം പുനഃസ്ഥാപിച്ചത്. കുമ്പള, കോയിപ്പാടി കടപ്പുറത്ത് തെങ്ങുവീണ് ട്രാൻസ്ഫോർമറും വൈദ്യുതിലൈനും തകർന്നു. ഇവിടെ വൈദ്യുത ബന്ധം പുനസ്ഥാപിക്കാനുള്ള ജോലികൾ നടന്നുവരുന്നതായി അധികൃതർ അറിയിച്ചു.ചൈത്രവാഹിനിപ്പുഴയിൽ ശക്തമായി ഒഴുക്കു തുടരുന്നു. പുഴയിൽ ജലനിരപ്പ് ഉയരുന്നുണ്ട്. അജാനൂർ കൊളവയലിൽ വെള്ളം കയറി നെൽകൃഷിനശിച്ചു. മറ്റു പലേടത്തും നാശം അനുഭവപ്പെട്ടു. ജില്ലയിൽ ഓറഞ്ച് അലർട്ട് തുടരുകയാണ്. ശനിയാഴ്ചവരെ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന മുന്നറിയിപ്പിനെത്തുടർന്ന് ജാഗ്രത പാലിക്കാൻ അധികൃതർ നിർദ്ദേശം നൽകിയിട്ടുണ്ട്. അപകടഭീഷണിയുയർന്ന മരങ്ങൾ മുറിച്ചുമാറ്റണമെന്ന് പഞ്ചായത്ത് പ്രസിഡന്റുമാരുടെയും ജില്ലാതല ഉദ്യോഗസ്ഥരുടെയും യോഗത്തിൽ ജില്ലാകളക്ടർ നിർദ്ദേശിച്ചു. മലയോര പ്രദേശങ്ങളിലാണ് മഴക്കെടുതി രൂക്ഷമായത്. കരിവേടകം ചുഴുപ്പിൽ അങ്കണവാടി കെട്ടിടം തകർന്നു. ചന്ദ്രഗിരി, തേജസ്വിനി, പയസ്വിനി പുഴകളിൽ ജലനിരപ്പ് ഉയരുകയാണ്. മലയോര പ്രദേശങ്ങളിൽ രാത്രിയാത്ര ഒഴിവാക്കണമെന്ന് അധികൃതർ ആവശ്യപ്പെട്ടു.



മഞ്ചേശ്വരത്ത് കടലിൽ കുടുങ്ങിയ മത്സ്യത്തൊഴിലാളികളെ തീരദേശ പൊലീസ് രക്ഷപ്പെടുത്തുന്നു.

## ഇശലിന്റെ സുൽത്താൻ അന്തരിച്ചു

കോഴിക്കോട്: മാപ്പിളപ്പാട്ടിനെ ജനകീയമാക്കിയ ഇശലിന്റെ സുൽത്താൻ വി എം കുട്ടി (86) അന്തരിച്ചു.

ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് കോഴിക്കോട് സ്വകാര്യാശുപത്രിയിൽ ചികിത്സയിലായിരുന്നു. ഇന്ന് പുലർച്ചെ അന്തരിച്ചു.അരനൂറ്റാണ്ടിലേറെക്കാലം മാപ്പിള കലാകാരൻ എന്ന നിലയിൽ പ്രവർത്തിച്ച വി എം കുട്ടി രാജ്യത്തിനകത്തും ഗൾഫ് രാജ്യങ്ങളിലും നിരവധി വേദികളിൽ മാപ്പിള സംഗീതത്തെ ജനപ്രിയ ശാഖയാക്കി പരിപോഷിപ്പിച്ചു.ഗായകൻ, ഗാനരചയിതാവ്, സംഗീതജ്ഞൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചതിനൊപ്പം മാപ്പിള കലയിൽ ഗവേഷണം നടത്തുകയും ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്.കേരളത്തിൽ സ്വന്തമായി



മാപ്പിളപ്പാട്ടിന് ഗാനമേള ട്രൂപ്പുണ്ടാക്കിയത് വി എം കുട്ടിയാണ്. പൊതുവേദിയിൽ ആദ്യമായി ഗാനമേള അവതരിപ്പിച്ചതും അദ്ദേഹമാണ്.1972ൽ കവി ടി ഉബൈദിന്റെ ആവശ്യ പ്രകാരം കാസർകോട്ട് നടന്ന സാഹിത്യപരിഷത്ത് സമ്മേളനത്തിൽ വെച്ചായിരുന്നു അത്.കൊണ്ടോട്ടി പുളിക്കലിൽ ഉണ്ണീൻ മുസ്ലിയാരുടേയും ഇത്താച്ചക്കുട്ടിയുടെയും മകനായി 1935ലാണ് ജനനം. ടി ടി സി പാസ്സായ ശേഷം കൊളത്തൂർ എം എൽ പി സ്കൂളിൽ അധ്യാപകനായി. 1954ൽ ആകാശവാണിയിൽ മാപ്പിളപ്പാട്ട് അവതരിപ്പിച്ച് കൊണ്ട് കലാരംഗത്ത് കയറി വന്ന അദ്ദേഹം മാപ്പിള പ്പാട്ടിൽ കാലോചിതമായ പരീക്ഷണം കൊണ്ടുവന്നതോടെയാണ് ഇശലിന്റെ സുൽത്താൻ എന്ന ഖ്യാതി നേടി എടുത്തത്. മൈലാഞ്ചി, പതിനാലാം രാവ് തുടങ്ങി നിരവധി സിനിമകളിലും അദ്ദേഹം ഗാനമാലപിച്ചിട്ടുണ്ട്. മാപ്പിള കലാരംഗത്തെ സമഗ്ര സംഭാവനയ്ക്ക് കേരള സംഗീത നാടക അക്കാദമി പുരസ്ക്കാരം, കേരള ഫോക്‌ലോർ അക്കാദമി അവാർഡ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാപ്പിള സ്റ്റഡീസ് പുരസ്ക്കാരം എന്നീ അംഗീകാരങ്ങളും അദ്ദേഹത്തെ തേടിയെത്തി.

### സഫ ഫാത്തിമയുടെ മരണം
## മുഖ്യ പ്രതിയായ അധ്യാപകന്റെ സുഹൃത്തും അറസ്റ്റിൽ

മേൽപ്പറമ്പ്: ദേളിയിലെ സ്കൂളിലെ എട്ടാംതരം വിദ്യാർത്ഥിനി വീട്ടിലെ ശുചിമുറിയിൽ കെട്ടിത്തൂങ്ങി ജീവനൊടുക്കിയ കേസിൽ ഒരാൾ കൂടി അറസ്റ്റിൽ. ബേഡഡുക്ക, കാഞ്ഞിരത്തുങ്കാലിലെ നൗഷാദി(25)നെയാണ് മേൽപറമ്പ് ഇൻസ്പെക്ടർ ടി എം ഉത്തംദാസ് അറസ്റ്റ് ചെയ്തത്. ഇയാളെ കേസ് അന്വേഷണ ഉദ്യോഗസ്ഥനായ ബേക്കൽ ഡിവൈ എസ് പി സി കെ സുനിൽകുമാർ വിശദമായി ചോദ്യം ചെയ്തു. കേസിലെ ഒന്നാം പ്രതിയും ജീവനൊടുക്കിയ സഫാ ഫാത്തിമയുടെ സ്കൂളിലെ അധ്യാപകനുമായിരുന്ന ആദൂരിലെ ഉസ്മാനെ



നൗഷാദ്

നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. പെൺകുട്ടി ആത്മഹത്യ ചെയ്ത വിവരമറിഞ്ഞ ഉസ്മാന് ഒളിവിൽ പോകാൻ സൗകര്യം ചെയ്തു കൊടുത്തുവെന്ന കുറ്റത്തിനാണ് നൗഷാദിനെ അറസ്റ്റ് ചെയ്തതെന്ന് മേൽപറമ്പ് പൊലീസ് പറഞ്ഞു. കഴിഞ്ഞ മാസം എട്ടിന് പുലർച്ചയാണ് സഫഫാത്തിമയെ ജീവനൊടുക്കിയ നിലയിൽ കണ്ടെത്തിയത്.

പെൺകുട്ടിയുടെ പിതാവ് സയ്യിദ് മൻസൂർ ആദ്യം കേസെടുത്തിരുന്നത്. പിന്നീട് അധ്യാപകനായ ഉസ്മാന്റെ പ്രേരണ മൂലമാണ് ആത്മഹത്യ ചെയ്തതെന്ന് കണ്ടെത്തിയ പൊലീസ് കേസിൽ ആത്മഹത്യാ പ്രേരണാ കുറ്റം കൂടി ചുമത്തി. സൈബർ സെല്ലിന്റെ സഹായത്തോടെ ഇൻസ്പെക്ടർ ടി ഉത്തംദാസ്, എസ് ഐ വി കെ വിജയൻ എന്നിവരാണ് കേസ് ആദ്യം അന്വേഷിച്ചത്. പിന്നീട് ബാലനീതി വകുപ്പും പോക്സോയും ചേർത്തതോടെ കേസ് അന്വേഷണം ഡിവൈ എസ് പി ഏറ്റെടുക്കുകയായിരുന്നു. നേരത്തെ അറസ്റ്റിലായ ഉസ്മാനെ കസ്റ്റഡിയിൽ എടുത്ത് ചോദ്യം ചെയ്യുകയും പെൺകുട്ടിയുമായി ചാറ്റ് ചെയ്യാൻ ഉപയോഗിച്ച ഫോൺ കണ്ടെടുക്കുകയും ചെയ്തു.

ഇതു പരിശോധനയ്ക്കായി ഫോറൻസിക് ലാബിലേയ്ക്ക് അയച്ചിട്ടുണ്ട്. കേസിൽ 90 ദിവസത്തിനകം തന്നെ കുറ്റപത്രം നൽകാനുള്ള ശ്രമത്തിലാണ് പൊലീസ്.

### അന്തുക്കാ

